തസ്തികകളുടെ നിശ്ചിതശതമാനം ഒഴിവുകളും സർവീസിലുള്ള ജീവനക്കാരിൽ നിന്നും പ്രമോഷൻമൂലം നികത്താമെന്ന് സമ്മതിച്ചിട്ടുണ്ട്. ഇതിനുവേണ്ട അനുവാദം തരുന്നതിന് പബ്ലിക് സർവീസ് കമ്മീഷനോട് 23-1-1978-ൽ വിദ്യുച്ഛക്തി ബോർഡ് അപേക്ഷിച്ചിട്ടുമുണ്ട്.

സർക്കാർ ഓഫീസിന്റെ ഭിത്തികളിൽ പരസ്യങ്ങൾ പതിക്കുന്നതു തടയാൻ നടപടി

1128 [1801] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസിന്റെ ഭിത്തികളിൻമേൽ പരസ്യങ്ങൾ പതിച്ചും, എഴുതിയും വൃത്തികേടാക്കുന്ന പ്രവണത തടയാൻ സത്വര നടപടി സ്വീകരിക്കുമോ;

(ബി) തിരുവനന്തപുരത്തെ വികാസ്ഭവൻ കെട്ടിടത്തിന്റെ സംരക്ഷണത്തിനു ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) വികാസ്ഭവന്റെ പ്രധാന പോർട്ടിക്കോയിലെ സിഗരറ്റ് കച്ചവടക്കാരെ ഇവിടെ നിന്നും മാറ്റാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വീകരിക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) സിഗരറ്റ് കച്ചവടക്കാരെ മാറ്റിക്കഴിഞ്ഞു.

കയറ്റുമതി ഇനത്തിൽ ലഭിച്ച വിദേശനാണ്യം

1129 [1802] ശ്രീ. പി. സി. ജോസഫ്

,, എം. വി. മാണി

,, ഈപ്പൻ കണ്ടക്കുടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977-78 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ എത്ര കോടി രൂപ വിദേശ നാണ്യമായി ലഭിച്ചു;

(ബി) ഇതിൽ ഓരോ കയറ്റുമതി സാധനത്തിനും ലഭിച്ച തുക പ്രത്യേകമായി വ്യക്തമാക്കുമോ?

ഉത്തരം

(എ) 1977-78-ൽ കേരളത്തിലെ തുറമുഖങ്ങൾ വഴി 575 കോടി രൂപയ്ക്കുള്ള സാധനങ്ങൾ കയറ്റുമതി ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ ഉൽപന്നങ്ങളേയും സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമല്ല. എന്നാൽ പ്രധാനപ്പെട്ട ഉൽപന്നങ്ങളുടെ കയറുമതി സംബന്ധിച്ച വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

1.	സമുദ്രോൽപന്നങ്ങൾ	77.45	കോടി രൂപയ്ക്ക്
2.	സുഗന്ധ ദ്രവ്യങ്ങൾ	65.80	,,
3.	കശുവണ്ടിപ്പരിപ്പ്	75.21	,,
4.	കശുവണ്ടി നെയ്യ്	3.48	,,
5.	കയറും കയറുൽപന്നങ്ങളും	23.78	,,
6.	തേയില	127.70	,,
7.	കാപ്പി	57.68	,,
8.	കൈത്തറി	2.04	,,
9.	കേന്ദ്ര സംസ്ഥാന ഗവൺമെൻറ് ഉടമയിലുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള ഉൽപന്നങ്ങൾ	5.81	,,
	ആകെ	438.95	,,

കെ. എസ്. ഇ. ബി. യിൽ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടുവാനുള്ള തുക

1130 [1803] ഡോക്ടർ ജോർജ്ജ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. യിൽ നാളിതുവരെയായി കുടിശ്ശിക ഇനത്തിൽ ഉപഭോക്താക്കളിൽ നിന്നും എത്ര കോടി രൂപാ പിരിഞ്ഞു കിട്ടുവാനുണ്ട്;

(ബി) ഇതിൽ കൂടിയ സംഖ്യകളുടെ ഇനം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) ഇങ്ങനെ കുടിശ്ശിക കൂടുതലായി വരുവാനുള്ള കാരണം എന്താണ്?

ഉത്തരം

(എ) 31-3-1978-ലെ കണക്കനുസരിച്ച് 8.02 കോടി രൂപാ പിരിഞ്ഞുകിട്ടാനുണ്ട്.

(ബി) കൂടിയ സംഖ്യകൾ കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ പേരും തുകയുടെ സംഖ്യ അടങ്ങിയ ഒരു ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) ഇ. എച്ച്. ടി. ഉപഭോക്താക്കൾ കോടതിയിൽ കൊടുത്തിട്ടുള്ള കേസുകളും അതിൻമേൽ ഉണ്ടായിട്ടുള്ള സ്റ്റേ ഉത്തരവുകളുമാണ് കുടിശ്ശികയ്ക്കുള്ള ഒരു കാരണം. പല സർവീസുകളും ഡിസ്പ്യൂട്ട് കോഷനിലാണ്. അവരും കുടിശ്ശിക തീർക്കാൻ മുന്നോട്ടു വരുന്നില്ല. നവന്യൂ റിക്കവറി അനുസരിച്ചുള്ള റിക്കവറിക്ക് വലിയ കാലതാമസം എടുക്കുന്നുണ്ട്.

* അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly